(ബി) സിലിണ്ടറുകളുടെ ഫില്ലിംഗ്, വിതരണ രംഗത്ത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സിലിണ്ടറുകളുടെ ഫില്ലിംഗ്, വിതരണ രംഗത്ത് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ മലപ്പുറം ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തലത്തിലും ചർച്ചചെയ്തുപരിഹരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് അഡീഷണൽ ലേബർ കമ്മിഷണർ നടത്തിയ യോഗതീരുമാനപ്രകാരം 19-2-2015 മുതൽ പാചകവാതക വിതരണം സുഗമമായി നടക്കുന്നുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികൾ

217 (1261) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികളുടെ ജോലി സമയം എത്രയെന്നും ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി നൽകുമ്പോൾ പാക്കിംഗ് ചാർജ്ജായി പാക്കറ്റൊന്നിന് ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുക എത്രയെന്നും തൊഴിലാളിക്ക് നൽകുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ; ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുകയുടെ പകുതി തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മുഴുവൻ ജില്ലകളിലും സപ്ലൈകോ തൊഴിലാളികളെ ഇ.പി.എഫ്, ഇ.എസ്.ഐ. ആനുകൂല്യപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സപ്ലൈകോ മാവേലി സ്റ്റോറുകളുടെ പ്രവർത്തന സമയം രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയും ഉച്ചയ്ക്കശേഷം 3.30 മുതൽ രാത്രി 7.30 വരെയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സപ്ലൈകോ ഔട്ട്‌ലെറ്റുകളിലെ ദിവസവേതനക്കാർക്ക് പ്രതിദിനം 250 രൂപയും പാസ്സിംഗ് ജീവനക്കാർക്ക് പാസ്സ്റ്റ് ഒന്നിന് 50 പൈസ വീതവും നൽകിവരുന്നു. വനിതാതൊഴിലാളികൾക്ക് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല.

(ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി നൽകുമ്പോൾ പാക്കിംഗ് ചാർജ്ജായി ഓരോ പാക്കറ്റിനും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക അനുബന്ധമായി ചേർക്കുന്നു.* പ്ലാസ്റ്റിക് കവറിന്റെ വിലയായി കവർ ഒന്നിന് ഏകദേശം 45 പൈസ മുതൽ 1 രൂപ 15 പൈസ വരെയും എല്ലാതരം പാക്കറ്റിനും പാക്കിംഗ് ചാർജ്ജായി കവർ ഒന്നിന് 50 പൈസയും ചെലവാകുന്നുണ്ട്. ഇതിനുപുറമേ ക്ലീനിംഗ് നഷ്ടം, കൈകാര്യ കിഴിവ്, പാസ്സിംഗ് മെഷീന്റെ ചെലവ്, കറണ്ട് ചാർജ്, പ്രൈസ് സ്റ്റിക്കർ മുതലായ ചെലവുകൾ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയെക്കാൾ കൂടുതൽ തുക ചെലവായി വരുന്നുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന തുക തത്ക്കാലം വർദ്ധിപ്പിക്കാൻ കഴിയില്ല.

(സി) ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹതയുള്ള മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് പദ്ധതി

218 (1262) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും മന്ത്രിയുടെ ചുമതലയുള്ള വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) എന്തെല്ലാം ഏജൻസികളെയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly